Uncorrected/Not for publication
09-10-2025

**ഗവൺമെന്റ് പ്രമേയം**

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2025 ഒക്ടോബർ 6-ന് സഭാസമ്മേളനം പുനഃരാരംഭിച്ചതുമുതൽ പ്രതിപക്ഷാംഗങ്ങൾ സഭാ നടപടികൾ തടസ്സപ്പെടുത്തുകയും സഭാ മര്യാദകൾ നിരന്തരം ലംഘിക്കുകയും ചെയ്തുകൊണ്ട് സഭയ്ക്കകത്ത് ആകെ ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തിരിക്കുകയാണ്. സഭാ നടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാനുള്ള അന്തരീക്ഷം സൃഷ്ടിക്കാനായി ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ച യോഗംപോലും ബഹിഷ്കരിക്കുന്ന അസാധാരണ സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചത്. അതിന്റെ ഭാഗമായി കഴിഞ്ഞ ദിവസം വനിതകളടങ്ങുന്ന സുരക്ഷാജീവനക്കാരെ കൈയേറ്റം ചെയ്യുകയും ശാരീരികമായി ഉപദ്രവിക്കുകയും ചെയ്യുകയുണ്ടായി. സഭയുടെ സുഗമമായ നടത്തിപ്പിന് തുടർച്ചയായി തടസ്സം സൃഷ്ടിക്കുകയും ചെയറിന്റെ മുഖം മറയ്ക്കുന്ന തരത്തിൽ ബാനറുകൾ പ്രദർശിപ്പിക്കുകയും ചെയറിന്റെ നിർദേശങ്ങൾ അവഗണിച്ചുകൊണ്ട് സഭയുടെ അന്തസ്സിന് നിരക്കാത്തതും പ്രകോപനപരമായതുമായ മുദ്രാവാക്യങ്ങൾ മുഴക്കുകയും ബഹുമാനപ്പെട്ട

മുഖ്യമന്ത്രിക്കുനേരെ പാഞ്ഞടുക്കുകയും ചെയ്തു. തുടർച്ചയായി നടത്തിവരുന്ന അക്രമ പരമ്പരയുടെ ഭാഗമായി ഇന്ന് സഭാ നടപടികൾ ആരംഭിച്ചതുമുതൽ പ്രതിപക്ഷാംഗങ്ങൾ കൂടുതൽ പ്രകോപിതരായി ചെയറിനുനേരെ ആക്ഷേപാംഗ്യങ്ങൾ കാണിക്കുകയും സഭയെ ഒന്നാകെ പരിഹസിക്കുകയും ചട്ടപ്രകാരം മാത്രം സഭയിൽ പ്രവർത്തിപ്പിക്കേണ്ട Bell പലതവണ അനധികൃതമായി പ്രവർത്തിപ്പിക്കുകയും മുദ്രാവാക്യം മുഴക്കുകയും ചെയ്തതിനുശേഷം ചെയറിന്റെ ഡയസിലേക്ക് അതിക്രമിച്ച് കയറാൻ ശ്രമിക്കുകയും അത് തടയാൻ ശ്രമിച്ച സുരക്ഷാജീവനക്കാരെ ശാരീരികമായി ആക്രമിക്കുകയും ചെയ്തിരിക്കുന്നു. തൽഫലമായി നിയമസഭാ ചീഫ് മാർഷൽ ശ്രീ. ഷിബുവിന്റെ വലതുകൈയ്ക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തിരിക്കുകയാണ്. മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ച അദ്ദേഹത്തിന് ശസ്ത്രക്രിയ ആവശ്യമാണെന്നാണ് ഡോക്ടർമാർ നിർദേശിച്ചിട്ടുള്ളത്. പ്രതിപക്ഷാംഗങ്ങളുടെ ഭാഗത്തുനിന്നുണ്ടായ കടുത്ത അച്ചടക്കലംഘനത്തെ ഈ സഭ ശക്തമായി അപലപിക്കുന്നു. ഇപ്രകാരം സഭാ ചട്ടങ്ങളും നടപടിക്രമങ്ങളും കീഴ്വഴക്കവും ചെയറിന്റെ നിർദേശങ്ങളും ലംഘിച്ചുകൊണ്ട് സഭയുടെ സുരക്ഷാ ചുമതലയുള്ള ചീഫ് മാർഷലിനെ

ഗുരുതരമായി പരിക്കേൽപ്പിക്കുകയും ചെയ്യുതുമൂലം ശ്രീ. റോജി എം. ജോൺ, ശ്രീ. എം. വിൻസെന്റ്, ശ്രീ. സനീഷ്കുമാർ ജോസഫ് എന്നീ നിയമസഭാംഗങ്ങൾ സഭയുടെയും സഭാധ്യക്ഷന്റെയും പ്രത്യേക അവകാശങ്ങൾ ലംഘിച്ചതായി ഈ സഭ വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ ശ്രീ. റോജി എം. ജോൺ, ശ്രീ. എം. വിൻസെന്റ്, ശ്രീ. സനീഷ്കുമാർ ജോസഫ് എന്നീ നിയമസഭാംഗങ്ങളെ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിൽ അനുബന്ധം II ആയി ചേർത്തിട്ടുള്ള പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 53 (എഫ്) പ്രകാരം സഭയുടെ നടപ്പുസഭാസമ്മേളനത്തിന്റെ ശേഷിക്കുന്ന കാലയളവിൽ സഭാംഗത്വത്തിൽനിന്നും സസ്പെൻഡ് ചെയ്യാൻ ഈ സഭ തീരുമാനിക്കുന്നു എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ .....................

Uncorrected/Not for publication
09-10-2025

**പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.**